# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2400**

09.03.2018-ലെ മറുപടി

### മൈലം-തലവൂർ പട്ടാഴി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽപ്പെട്ട മൈലം-തലവൂർ-പട്ടാഴി കുടിവെള്ള പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;<br><br>(ബി) ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരം വെളിപ്പെടുത്തുമോ; | (എ) & (ബി) | മൈലം-തലവൂർ-പട്ടാഴി കുടിവെള്ള പദ്ധതികളിൽ പട്ടാഴി-പട്ടാഴിവടക്കേക്കര ശുദ്ധജലവിതരണപദ്ധതി ഇതിനോടകം കമ്മീഷൻ ചെയ്തു. വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ തലവൂർ പഞ്ചായത്തിലെ പണികൾ പൂർത്തീകരിച്ചു. NRDWP ഫണ്ടിന്റെ അപര്യാപ്തത മൂലം മൈലം പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുവാനായിട്ടില്ല. ഇപ്രകാരം സ്ഥാപിക്കുവാൻ കഴിയാതെവന്ന വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 60.61 കോടി രൂപയുടെ DPR തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (സി) കുളക്കട-പവിത്രേശ്വരം പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും പദ്ധതി എന്നത്തേക്ക് പൂർണമായും പ്രവർത്തനക്ഷമമാകുമെന്നും വിശദമാക്കുമോ? | (സി) | കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകൾക്കായുള്ള കുടിവെള്ളപദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഇനി അവശേഷിക്കുന്നത്. ഇതിലേയ്ക്കായുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ